"ഭരണഭാഷ മാതൃഭാഷ"

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്**

**(സാന്നിധ്യം - ഷാനവാസ്.എസ് ഐ.എ.എസ്)**

വിഷയം:- പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിലെ വിവിധ തലങ്ങളിൽ സെല്ലുകൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ 14/06/2023-ന് കൂടിയ യോഗ തീരുമാനം.

**ഉത്തരവ് നമ്പർ : എച്ച് 2/295299/2021-ഡി.ജി.ഇ തീയതി : 17/06/2023**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതു മായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ സംശയങ്ങൾക്ക് കൃത്യമായി മറുപടി ലഭ്യമാക്കുന്നതിനും പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കുന്ന നടപടിയുടെ പുരോഗതി വിലയിരുത്തുന്നതിനും ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും പൊതുവിദ്യാഭ്യാസ ഡയക്ടറേറ്റിന്റെ അധികാര പരിധിയിൽ വരുന്ന ഓഫീസുകളിൽ താഴെപ്പറയും വിധം സെല്ലുകൾ രൂപീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) **ഹയർ സെക്കണ്ടറി വിഭാഗം:-**

ഹയർസെക്കണ്ടറി വിഭാഗം ആർ.ഡി.ഡിമാർ നോഡൽ ഓഫീസർമാരായി സെൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഉന്നിയിക്കപ്പെടുന്ന സംശയങ്ങൾക്കും പരാതികൾക്കും സമയബന്ധിതമായി പരിഹാരം കാണേണ്ടതുമാണ്. സംശയനിവാരണത്തിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടുള്ള തുടർ ഉത്തരവ് ആർ.ഡി.ഡി തല ത്തിൽ പുറപ്പെടുവിക്കേണ്ടതും വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിന് വേണ്ട നടപടി ആർ.ഡി.ഡി. തലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

2) **വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം:-**

വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം അസിസ്റ്റന്റ് ഡയറക്ടർമാർ, നോഡൽ ഓഫീ സർമാരായി സെൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും ഭിന്നശേഷി സംവരണവുമായി ബന്ധ പ്പെട്ട് ഉന്നിയിക്കപ്പെടുന്ന സംശയങ്ങൾക്കും പരാതികൾക്കും സമയബന്ധിതമായി പരിഹാരം കാണേണ്ടതുമാണ്. സംശയനിവാരണത്തിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ

ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടുള്ള തുടർ ഉത്തരവ് അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ പുറപ്പെടുവിക്കേണ്ടതും വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിന് വേണ്ട നടപടി അഡീഷണൽ ഡയറക്ടർ തലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

3) <u>ജില്ലാ / ഉപജില്ലാ തലം:-</u>

(i) സംസ്ഥാനത്തെ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെയും പി.എ മാർ നോഡൽ ഓഫീസർമാരായി സെൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും ഭിന്നശേഷി സംവരണ വുമായി ബന്ധപ്പെട്ട് ഉന്നിയിക്കപ്പെടുന്ന സംശയങ്ങൾക്കും പരാതികൾക്കും സമയബന്ധിതമായി പരിഹാരം കാണേണ്ടതുമാണ്. സംശയനിവാരണത്തിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടുള്ള തുടർ ഉത്തരവ് ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ പുറപ്പെടുവിക്കേണ്ടതും വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിന് വേണ്ട നടപടി ജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

(ii) സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെയും സീനിയർ സൂപ്രണ്ടുമാർ നോഡൽ ഓഫീസർമാരായി സെൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്കും പരാതികൾക്കും സമയബന്ധിതമായി പരിഹാരം കാണേണ്ടതുമാണ്. സംശയനിവാരണത്തിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടുള്ള തുടർ ഉത്തരവ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ പുറപ്പെടുവിക്കേണ്ടതും വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിന് വേണ്ട നടപടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് തലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

4) <u>വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ് തലം :-</u>

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും സബ് ഓഫീസുകളിൽ നിന്നും സമയബന്ധിതമായി പരിഹരിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലെയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്മാർ നോഡൽ ഓഫീസർമാരായി സെൽ രൂപീകരിക്കേണ്ടതും കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. സബ് ഓഫീസുകളിലെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾക്ക് അതൃപ്തി ഉള്ള പക്ഷം ആയത് അറിയിക്കുന്നതിന്, ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിക്കൊണ്ടുള്ള തുടർ ഉത്തരവ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ പുറപ്പെടുവിക്കേണ്ടതും വിവരം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. റോസ്റ്റർ, ഭിന്നശേഷി സംവരണം എന്നിവ

സംബന്ധിച്ച വിഷയങ്ങളിൽ അവ്യക്തത ഉള്ള പക്ഷം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ ബന്ധപ്പെട്ട ജീവനക്കാർക്ക് **ഓൺലൈൻ പരിശീലനം** ജില്ലാ/സംസ്ഥാന നോഡൽ ഓഫീസർമാരുടെ സേവനം ലഭ്യമാക്കി നടത്താവുന്നതാണ്.

5) **പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് തലം :-**

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട സെല്ലുകളുടെ ജില്ല തിരിച്ച ഏകോപനം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

1. ദീപ മാർട്ടിൻ, ചീഫ് പ്ലാനിംഗ് ഓഫീസർ, മൊബൈൽ നം : 9496398959
   (തിരുവനന്തപുരം, കൊല്ലം)
2. ധന്യ ആർ. കുമാർ, വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്)
   മൊബൈൽ നം.7012931443 ( ഇടുക്കി, കോട്ടയം)
3. ശ്രീമതി.അംബിക.സി, പ്രോജക്ട് ഓഫീസർ, മൊബൈൽ നം. 9496197098
   (പത്തനംതിട്ട, ആലപ്പുഴ, എറണാകുളം)
4. ലാൽ കെ.ഐ. വിദ്യാഭ്യാസ ഉപഡയറക്ടർ, ക്യൂ.ഐ.പി. മൊബൈൽ നം. 9496847068
   (തൃശ്ശൂർ, പാലക്കാട്, മലപ്പുറം)
5. ശ്രീമതി.സിന്ധു,ജെ, ക്യൂ.ഐ.പി. ഡി.ഡി.ഇ, മൊബൈൽ നം : 9446966965
   (കോഴിക്കോട്, വയനാട്)
6. ശ്രീമതി.അംബിക.എ.പി, ക്യൂ.ഐ.പി. ഡി.ഡി.ഇ, മൊബൈൽ നം : 9495331442
   (കണ്ണൂർ, കാസറഗോഡ്)

**മേൽനോട്ടം**

1. ശ്രീ.സി.എ.സന്തോഷ്, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),
   ഫോൺ നം : 0471-2580504
2. ശ്രീ.ഷൈൻമോൻ.എം.കെ, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്),
   ഫോൺ നം : 0471-2580505
3. ശ്രീ.ആർ.സുരേഷ്കുമാർ, ജോയിന്റ് ഡയറക്ടർ, ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്,
   ഫോൺ നം : 0471-2325868
4. ശ്രീമതി.ഗീത.എസ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്, ഫോൺ നം : 0471-2325323
5. ശ്രീ.ബനഡിക്ട്.എ.ഐ, സൂപ്രണ്ട് എച്ച് സെക്ഷൻ,
   ഫോൺ നം : 0471-2580515

വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ് തലങ്ങളിൽ തീർപ്പാകാതെ വരുന്ന സാങ്കേതികപരമായ സംശയങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം സമന്വയയുമായി ബന്ധപ്പെട്ട ജില്ലാ നോഡൽ ഓഫീസർമാരെ സമീപിച്ച് പരിഹാരം തേടേണ്ടതാണ്. ഇപ്രകാരം പരിഹരിക്കപ്പെടാൻ കഴിയാത്തവ ഉള്ളപക്ഷം ആയതിന് സമന്വയയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന സംസ്ഥാന നോഡൽ ഓഫീസർമാരുടെ സേവനം തേടേണ്ടതാണ്. .

1. ശ്രീ. ഉണ്ണികൃഷ്ണൻ, നൂൺമീൽ ഓഫീസർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ചെർപ്പുളശ്ശേരി, മൊബൈൽ നം : 9846703509
2. ശ്രീ.അബ്ദുൾ ജലീൽ, ജൂനിയർ സൂപ്രണ്ട്, വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ്, കോഴിക്കോട്, മൊബൈൽ നം : 8547936961
3. ശ്രീ.വിനോദ് ബാലകൃഷ്ണൻ, സ്റ്റോർ കീപ്പർ, വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ്, കാസർഗോഡ്, മൊബൈൽ നം : 9495329465

(ഒപ്പ്)

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

<u>സ്വീകർത്താവ്:-</u>

1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം.
2) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3) എല്ലാ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
4) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി അസിസ്റ്റന്റ് ഡറയക്ടർമാർക്കും.
5) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
6) എല്ലാ മാനേജർമാർക്കും.
7) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും.

<u>പകർപ്പ്:-</u>

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം.
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)